"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6190 — 20.11.2019 ന് മറുപടിയ്ക്ക്.

**നാട്ടാനകളുടെ മരണസംഖ്യ വർധിച്ചുവരുന്ന സാഹചര്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വിശ്രമമില്ലാത്ത ജോലിയും പീഡനങ്ങളും മൂലം സംസ്ഥാനത്ത് നാട്ടാനകളുടെ മരണസംഖ്യ വർദ്ധിച്ച് വരുന്നതായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2017ൽ ചരിഞ്ഞ ആനകളുടെ ഇരട്ടി എണ്ണം 2018 ൽ ചരിയുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | 2017-ൽ 18 നാട്ടാനകളും 2018-ൽ 34 നാട്ടാനകളും ചരിഞ്ഞു. |

| | | | |
|---|---|---|---|
| (സി) | ഉടമകളിൽ നിന്ന് നിശ്ചിത കാലത്തേക്ക് ആനകളെ വാടകയ്ക്കും പാട്ടത്തിനും എടുക്കുന്ന ഇടനിലക്കാർ ആനകളുടെ ക്ഷേമകാര്യം ഒട്ടും ശ്രദ്ധിക്കാത്തതും മരണസംഖ്യ കൂടാൻ കാരണമായോ; | (സി) | നിയമവിരുദ്ധമായി ഉടമകളിൽ നിന്ന് നിശ്ചിത കാലത്തേയ്ക്ക് ആനകളെ വാടകയ്ക്കും പാട്ടത്തിനും എടുക്കുന്ന ഇടനിലക്കാർ 2012-ലെ നാട്ടാന പരിപാലന നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ആനകളെ പരിപാലിക്കാത്തതും ആനകളുടെ മരണ സംഖ്യ കൂടാൻ കാരണമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമിത ലാഭത്തിനായി വിശ്രമമില്ലാതെ ഉത്സവങ്ങൾക്ക് എഴുന്നള്ളിക്കുന്നതും പീഢിപ്പിക്കുന്നതും കാരണം ആനകളുടെ മരണസംഖ്യ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി സംരക്ഷണ നിയമത്തിന്റെ സെക്ഷൻ 4 3 ( 1 ) പ്രകാരം നാട്ടാനകളെയോ മറ്റ് വന്യജീവികളെയോ സാമ്പത്തിക ലാഭത്തിനായി ഏതെങ്കിലും വിധത്തിൽ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുള്ളതാണ്. നാട്ടാനകളെ പാട്ടത്തിനും വാടകയ്ക്കും എടുക്കുന്നത് 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ സെക്ഷൻ 40(2), 43(1) എന്നിവയുടെ ലംഘനവും സെക്ഷൻ 5 0 ( 1 ) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇത് സംബന്ധമായി വനം വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | 2017 വർഷം 18 ഉം, 2018-ൽ 34 ഉം, 2019-ൽ നാളിതുവരെ 16 നാട്ടാനകളും ചരിഞ്ഞിട്ടുണ്ട്. 2018-ൽ നാട്ടാനകളുടെ മരണ നിരക്ക് അസാധാരണമായി ഉയർന്നതിനെ തുടർന്ന് ഇതിനെക്കുറിച്ച് പഠിക്കുവാനും മരണ കാരണങ്ങൾ കണ്ടെത്തുവാനുമായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ബി.ഡി.സി) ചെയർമാനായി വെറ്ററിനറി ഡോക്ടർമാരുടെ ഒരു വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുകയുണ്ടായി. ടി വിദഗ്ധസംഘം ചരിഞ്ഞ ആനകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും പോസ്റ്റ്മോർട്ടം റിപ്പോർട്ട്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് നാട്ടാനകളുടെ ഉയർന്ന മരണനിരക്കിനുള്ള കാരണങ്ങൾ കണ്ടെത്തുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പോഷകാഹാരക്കുറവ്, വിശ്രമമില്ലായ്മ, അമിതമായ ജോലിഭാരം, തെറ്റായ ആഹാരരീതി എന്നിവയാണ് ആനകളുടെ മരണനിരക്ക് അസാധാരണമായി വർദ്ധിക്കുന്നതിന് കാരണമായി സമിതി കണ്ടെത്തിയിട്ടുള്ളത്. കൂടാതെ, ശരിയായ സമയത്ത് ചികിത്സ നൽകാതിരിക്കുക, ശരിയായ പരിചരണവും സംരക്ഷണവും നൽകാതിരിക്കുക എന്നീ കാരണങ്ങളാലും ആനകളുടെ മരണനിരക്ക് വർദ്ധിക്കുന്നതിന് ഇടയാക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നാട്ടാനകളുടെ സംരക്ഷണത്തിന് വിവിധ തലങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ, ആനയുടെ ജീവശാസ്ത്രപരമായ പ്രത്യേകതകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിചരണ രീതി, ശാസ്ത്രീയമായ ഭക്ഷണ രീതി, കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ നിരീക്ഷണ / പരിപാലന നടപടികൾ, രോഗാവസ്ഥയിലുള്ള നാട്ടാകളുടെ വിദഗ്ധ ചികിത്സ, മദപ്പാടിലുള്ള നാട്ടാനകളുടെ പരിചരണം എന്നിവ സംബന്ധിച്ച് വിശദമായ സർക്കുലർ പുറപ്പെടുവിച്ച് അത് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ